# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *671 | 11.07.2014-ൽ മറുപടിയ്ക്ക്

## ടോൾ പിരിവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി<br>,, എസ്. ശർമ്മ<br>,, സാജു പോൾ<br>,, പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ടോൾ പിരിക്കുന്ന പാലങ്ങളും റോഡുകളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; ഇവയിൽ എത്ര കാലമായി ടോൾ പിരിവ് നടക്കുന്നുണ്ടെന്ന് അറിയിക്കാമോ ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) മട്ടാഞ്ചേരി പാലത്തിന് എന്തു തുക നിർമ്മാണചെലവ് വന്നുവെന്ന് വ്യക്തമാക്കുമോ ; പിരിവിലൂടെ ലഭിച്ച തുകയെത്ര ; | (ബി) മട്ടാഞ്ചേരി പാലത്തിന്റെ നിർമ്മാണച്ചെലവ് 22.15 കോടി രൂപയായിരുന്നു. പാലം നിർമ്മിച്ച ഗാമൺ ഇന്ത്യ എന്ന കമ്പനി സമർപ്പിച്ച രേഖകൾ പ്രകാരം 26.04.2014 വരെ 44,25,88,892/- രൂപ (നാൽപത്തി നാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപാ മാത്രം) ടോൾ ഇനത്തിൽ കമ്പനി പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) നിർമ്മാണച്ചെലവിനേക്കാൾ എത്രയോ ഇരട്ടി തുകയാണ് ടോൾ പിരിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നത് കേരള ടോൾസ് ആക്ട്, 1976 (6 of 1977)-ലെയും, കേരള ടോൾസ് ലെവി റൂൾസ്, 1983-ലെയും വ്യവസ്ഥകൾ അനുസരിച്ചാണ്. പാലം നിർമ്മാണത്തിന് ചെലവായ തുക (9% പലിശ നിരക്ക് ഉൾപ്പെടെ) പിരിഞ്ഞു കിട്ടുന്നതുവരെ അല്ലെങ്കിൽ 15 വർഷം വരെ (10 കോടി രൂപ വരെ നിർമ്മാണച്ചെലവാണെങ്കിൽ)/ 20 വർഷം വരെ (10 കോടി രൂപയിൽ കൂടുതൽ നിർമ്മാണ ച്ചെലവാണെങ്കിൽ) ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ പാലങ്ങളിൽ നിന്നും ടോൾ പിരിക്കേണ്ടിവരും. നിലവിൽ 5 കോടി രൂപയിൽ കൂടുതൽ |

നിർമ്മാണച്ചെലവുള്ള പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത്. ദേശീയപാതയിലും പാലങ്ങളിലും ടോൾ പിരിക്കുന്നത് കേന്ദ്ര നിയമമനുസരിച്ചാണ്. ഇതനുസരിച്ച് ടോൾ പിരിവ് നിരന്തരം (perpetual) നടത്തേണ്ടതാണ്. ആർ.ബി.ഡി.സി.കെ (Roads & Bridges Development Corporation of Kerala Limited) നിർമ്മിക്കുന്ന പാലങ്ങളിൽ നിന്നും കേരള റോഡ് ഫണ്ട് ആക്ട്, 2001 (10 of 2001) പ്രകാരം നിർമ്മാണച്ചെലവ് പരിഗണിക്കാതെ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ടോൾ പിരിക്കുന്നില്ല.

| | |
|---|---|
| (ഡി) നിർമ്മാണത്തിലിരിക്കുന്ന ഏതെല്ലാം പാതകൾക്കാണ് ടോൾ പിരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (ഡി) കേന്ദ്ര സർക്കാരിന്റെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാ ദേശീയപാത വികസന പ്രവർത്തനങ്ങൾക്കും ടോൾ പിരിവ് ബാധകമാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നമ്പർ | ജില്ല | പാലത്തിന്റെ/പാതയുടെ പേര് | ടോൾ പിരിവ് തുടങ്ങിയ തീയതി |
|---|---|---|---|
| 1. | തിരുവനന്തപുരം | ആക്കുളം | 25.02.2004 |
| 2. | തിരുവനന്തപുരം | അമരവിള | 05.01.2005 |
| 3. | കോട്ടയം | മുറിഞ്ഞപുഴ . | 15.01.2011 |
| 4. | ആലപ്പുഴ | തകഴി | 09.09.2008 |
| 5. | ആലപ്പുഴ | അരൂർ-അരൂക്കുറ്റി | 08.2002 |
| 6. | എറണാകുളം | കുമ്പളങ്ങി-പെരുമ്പടപ്പ് | 01.11.1999 |
| 7. | എറണാകുളം | തുരുത്തിപ്പുറം-കോട്ടപ്പുറം | 01.04.2013 |
| 8. | എറണാകുളം | തട്ടപ്പിള്ളിക്കാട്ടുപുഴ | 10.2012 |
| 9. | എറണാകുളം | പെരുവാമുഴി | 2006-07 |
| 10. | എറണാകുളം | എസ്.എൻ.ജംഗ്ഷൻ, തൃപ്പൂണിത്തുറ | 09.03.2005 |
| 11. | എറണാകുളം | ഇരുമ്പനം | 09.03.2005 |
| 12. | എറണാകുളം | എയർപോർട്ട്-സീപോർട്ട് റോഡ് | 09.03.2005 |
| 13. | എറണാകുളം | പുല്ലേപ്പടി | 07.06.2010 |
| 14. | എറണാകുളം | വരാപ്പുഴ (എൻ.എച്ച് -17) | 16.01.2001 |
| 15. | എറണാകുളം | കുണ്ടന്നൂർ പാലം(എൻ.എച്ച് 47 എ) | 04.01.2000 |
| 16. | എറണാകുളം | കുമ്പളം | 2011 |
| 17. | തൃശ്ശൂർ | പുതിയകൊച്ചി പാലം | 27.01.2003 |
| 18. | തൃശ്ശൂർ | പൂവ്വത്തുംകടവ് പാലം | 04.07.2003 |
| 19. | തൃശ്ശൂർ | കനോലി കനാലിന് കുറുകെ പുളിക്കകടവ് പാലം | 05.07.2003 |
| 20 | തൃശ്ശൂർ | കൃഷ്ണൻകോട്ട | 09.03.2009 |
| 21. | തൃശ്ശൂർ | ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള പുളിക്കക്കടവ് പാലം | 25.03.2004 |
| 22. | തൃശ്ശൂർ | തൃശ്ശൂർ-ഇടപ്പള്ളി ദേശീയപാത | 09.02.2012 |
| 23. | പാലക്കാട് | കാളികാവ് | 05.03.2001 |

| | | | |
|---|---|---|---|
| 24. | പാലക്കാട് | മായന്നൂർ | 03.03.2012 |
| 25 | പാലക്കാട് | വിക്ടോറിയ കോളേജ് | 18.01.2009 |
| 26. | പാലക്കാട് | കട്ടക്കാംകന്ന് | 06.06.2010 |
| 27. | പാലക്കാട് | പുലമന്തോൾ (റിവർബ്രിഡ്ജ്) | 09.03.2005 |
| 28. | മലപ്പുറം | പരപ്പനങ്ങാടി | 19.06.2013 |
| 29. | മലപ്പുറം | ഇടശ്ശേരിക്കടവ് | 01.02.2010 |
| 30 | മലപ്പുറം | പനങ്കായം | 01.05.2011 |
| 31. | മലപ്പുറം | പറമ്പുഴക്കടവ് | 08.03.2006 |
| 32. | മലപ്പുറം | കടലുണ്ടിക്കടവ് | 10.10.2008 |
| 33. | മലപ്പുറം | ദേവദാർ | 15.02.2014 |
| 34. | കോഴിക്കോട് | നന്തി | 02.02.2010 |
| 35. | കോഴിക്കോട് | അറപ്പുഴ | 07.06.2002 |
| 36. | കോഴിക്കോട് | കൊയിലാണ്ടി | 21.04.2013 |
| 37. | കണ്ണൂർ | മുഴപ്പിലങ്ങാട് | 12.06.2009 |
| 38. | കണ്ണൂർ | പയ്യന്നൂർ | 02.06.2013 |
| 39. | കണ്ണൂർ | പാവന്നൂർകടവ് | 01.10.2009 |
| 40. | കാസർഗോഡ് | ബേക്കൽ | 17.12.2010 |
| 41. | കാസർഗോഡ് | പടന്നക്കാട് റെയിൽവേ മേൽപ്പാലം (എൻ.എച്ച്. 17) | 27.09.2012 |

സെക്ഷൻ ഓഫീസർ